

- Jalin

# ഏകാന്തതീരങ്ങൾ

ഒരു പൂവിറുക്കുവാൻ
നിൻെറ പൂവനത്തിൽ നി–
ന്നൊരു പൂവിറുക്കുവാൻ
രാജമല്ലകൾ പൂത്തു

ചായുന്ന നേരം നിൻെറ
ജാലകപ്പുറത്തിന്നു
ഞാൻ വന്നു നിന്നു, പക്ഷേ
നീ തിരിച്ചറിഞ്ഞില്ല.

ഇന്നലെ, നിശഗന്ധി
പ്പൂവുകൾ വിരിഞ്ഞപ്പോൾ
പിന്നെയും വിടരാത്ത
മോഹങ്ങൾ പോലെ നില്ക്കും

മൊട്ടുകൾ കൊരുത്തതു
നിൻെറ വാർമുടിക്കെട്ടി–
ലെൻെറ കൈവിരൽത്തുമ്പാ–
ലണിയിക്കുവാനായി

വന്നു നിന്നല്ലോ വഴി–
  വക്കിൽ ഞാൻ തുറക്കാത്ത
നിൻെറ വാതിലിൽ മുട്ടി
  വിളിക്കാനറിയാതെ.

ഓർമ്മകൾ തളർന്നു വീ–
  ണുറങ്ങും നിലാവികൽ
ഓളങ്ങൾ തഴുകുന്ന
  വെൺമണൽപ്പരപ്പികൽ

നാളെയെൻ പദമുദ്ര
  കണ്ടു നീ വിഷാദാർദ്ര–
യാവുകിലവിടൊരു
  പൂവിതളർപ്പിച്ചാലും.

ഏഴിലം പാലപ്പൂക്കൾ
  വാടി വീഴുമീ നീല–
ക്കാവിലിന്നൊരു മാത്ര
  കൂടി നില്ക്കുന്നു, പിന്നെ

ഏഴു വൻ കടലുകൾ
  താണ്ടിയജ്ഞാതങ്ങളാം
ഏകാന്ത തീരങ്ങളെ–
  ത്തേടി ഞാൻ മടങ്ങുന്നു. ■